(ബി) എങ്കിൽ പ്രസ്തുത കാലതാമസമൊഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. ഇ-ഫയൽ സമ്പ്രദായം നിലവിൽ വരാത്ത വകുപ്പുകളിൽ നിന്നും നിലവിൽവന്ന വകുപ്പുകളിലേക്ക് ഫയൽ അയയ്ക്കുന്ന പ്രക്രിയ സുഗമമാക്കുന്നതിന് ഫിസിക്കൽ ഫയലുകൾ സ്കാൻ ചെയ്ത് ഇലക്ട്രോണിക് ഫയലായി അയയ്ക്കുന്നതിനായുള്ള സി.ആർ.യു. (സെൻട്രൽ രജിസ്ട്രി യൂണിറ്റ്) എല്ലാ വകുപ്പുകളിലും രൂപീകരിച്ചിട്ടുണ്ട്.

എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റി നൽകുന്നത്

5 (2819) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് വച്ചുനടന്ന മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; അപേക്ഷകരുടെ പേരും മേൽവിലാസവും സഹിതം വിശദമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽവച്ചു നടന്ന ജനസമ്പർക്ക പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിനായി 7068 അപേക്ഷകളും രണ്ടാംഘട്ടത്തിൽ 6511 അപേക്ഷകളുമാണ് ലഭിച്ചത്. അപേക്ഷകരുടെ പേരുവിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാമത് വാർഷിക സംഗമം

6 (2820) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2015 മാർച്ച് 30 മുതൽ മൂന്നുദിവസം ദുബായ് വേൾഡ് ട്രേഡ് സെന്ററിലെ ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്ന യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാമത് വാർഷിക സംഗമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ യാത്രയ്ക്കു ചെലവഴിച്ച തുക എത്രയാണ് ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly